Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

STATE POLICE MEDIA CENTRE
KERALA POLICE

No.74/PR/SPMC/PHQ/2022 Date: 10.03.2022

## വനിതാ സ്വയംപ്രതിരോധ സംവിധാനം മെച്ചപ്പെടുത്താൻ നടപടി: ഡി.ജി.പി

പോലീസിൽ നിലവിലുള്ള വനിതാ സ്വയം പ്രതിരോധ പരിശീലന സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് പറഞ്ഞു. ജില്ലകളിൽ വനിതാ സ്വയം പ്രതിരോധ പരിശീലനപദ്ധതിയുടെ മുഖ്യപരിശീലകരായ വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായി തിരുവനന്തപുരം മേനംകുളത്തെ വനിതാ ബറ്റാലിയൻ ആസ്ഥാനത്ത് സംഘടിപ്പിച്ച ത്രിദിന ശിൽപ്പശാലയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

സ്ത്രീസുരക്ഷ, കുട്ടികളുടെ സംരക്ഷണം എന്നിവയ്ക്ക് മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്. ഇത്തരം സുരക്ഷാ പരിശീലന പദ്ധതികൾ സംസ്ഥാനത്തെ എല്ലാ കേന്ദ്രങ്ങളിലും നടപ്പിലാക്കേണ്ടത് പോലീസിൻറെ ഉത്തരവാദിത്തമാണെന്ന് അദ്ദേഹം പറഞ്ഞു.

എല്ലാ പോലീസ് ജില്ലകളിൽനിന്നുമായി മാസ്റ്റർ ട്രെയിനർമാരായ 80 ഓളം വനിതാപോലീസ് ഉദ്യോഗസ്ഥരാണ് മൂന്നു ദിവസത്തെ ശിൽപ്പശാലയിൽ പങ്കെടുക്കുന്നത്. സ്വയം പ്രതിരോധപരിശീലനത്തിൻറെ നിലവിലുള്ള പാഠ്യപദ്ധതിക്കൊപ്പം സൈബർ സുരക്ഷ മുൻനിർത്തിയുള്ള ക്ലാസുകളും ഉദ്യോഗസ്ഥർക്ക് നൽകും. ഇതിനുപുറമെ സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ, സൈബർ ലോകത്തെ സ്ത്രീ സുരക്ഷ, സ്വയം പ്രതിരോധത്തിൻറെ മന:ശാസ്ത്രപരമായ വശങ്ങൾ തുടങ്ങിയ വിഷയങ്ങളും ഉൾപ്പെടുത്തിയാണ് ശിൽപ്പശാല സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനം നേടുന്ന മാസ്റ്റർ ട്രെയിനർമാർ ജില്ലകളിലെ മറ്റ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകും.

തയ്ക്കോണ്ടോ ഇൻസ്ട്രക്ടർ എസ്. മധുസൂദനൻ, കരാട്ടേ പരിശീലകൻ ജി.ജ്യോതിനാഥ്, ജൂഡോ പരിശീലകൻ സനോഫർ.എസ്.എസ്, പെൻറക് സിലറ്റ് കോച്ച് ജുവാൻ സിറിൽ ഗോമസ്, അഡീഷണൽ എസ്.പി ഇ.എസ് ബിജുമോൻ എന്നിവരാണ് ശിൽപ്പശാലയിൽ വിവിധ സെഷനുകൾ കൈകാര്യം ചെയ്യുന്നത്. പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഓഫീസർ കൂടിയായ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി എസ്. ശ്രീജിത്ത്, തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി ആർ. നിശാന്തിനി, പോലീസ് ആസ്ഥാനത്തെ എസ്.പി മെറിൻ ജോസഫ്, സ്റ്റേറ്റ് പോലീസ് മീഡിയ സെൻറർ ഡെപ്യൂട്ടി ഡയറക്ടറും പദ്ധതിയുടെ അസിസ്റ്റൻറ് നോഡൽ ഓഫീസറുമായ വി പി പ്രമോദ് കുമാർ എന്നിവർ പങ്കെടുത്തു.

കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് അവരെ പ്രാപ്തരാക്കുകയാണ് കേരളാ പോലീസിൻറെ സ്വയം പ്രതിരോധ പരിശീലന പരിപാടിയുടെ ലക്ഷ്യം. അക്രമിയെ കീഴ്പ്പെടുത്തുകയല്ല മറിച്ച് അയാളെ അതിൽ നിന്ന് പിൻതിരിപ്പിക്കാനുള്ള പരിശീലനമാണ് വനിതാ പോലീസുകാർക്ക് നൽകുന്നത്. ആയുധമൊന്നും ഇല്ലാതെ കൈ, കാൽമുട്ട്, തല, തോൾ മുതലായ ശരീരഭാഗങ്ങൾ ഉപയോഗിച്ച് അക്രമിയെ നേരിടേണ്ടത് എങ്ങനെയെന്ന് തികച്ചും സൗജന്യമായി പഠിപ്പിക്കും. ഏത് അവസ്ഥയിലും ധൈര്യം കൈവിടാതെ അക്രമികളെ പ്രതിരോധിക്കാൻ കുട്ടികളെയും സ്ത്രീകളെയും സജ്ജരാക്കുകയാണ് പദ്ധതിയുടെ കാതൽ. സംസ്ഥാനത്തൊട്ടാകെ അഞ്ചുലക്ഷത്തിലധികം ആളുകൾക്ക് ഇതിനകം തന്നെ പദ്ധതിയിലൂടെ

പരിശീലനം ലഭിച്ചിട്ടുണ്ട്. പരിശീലനം ആവശ്യമുള്ളവർക്ക് nodalofficer.wsdt.phq@gmail.com എന്ന വിലാസത്തിൽ ബന്ധപ്പെടാം.

*******************